LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രങ്ങളിൽ മൈക്ക് ഉപയോഗിക്കുന്നതിന് അനുമതി

31 [1546] പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലും സാധാരണയായി രാത്രികാലങ്ങളിൽ എത്ര സമയം വരെ മൈക്കുപയോഗിക്കുവാൻ അനുവദിക്കുന്നുണ്ട് ;

(ബി) അതിന് അനുവാദം കൊടുക്കുന്നതിനുള്ള അധികാരി ആരാണ് ;

(സി) ക്ഷേത്രങ്ങളിൽ ഉത്സവകാലത്ത് രാത്രി മുഴുവൻ മൈക്ക് ഉപയോഗിക്കേണ്ടതായി വരാറുണ്ടോ ;

(ഡി) എങ്കിൽ അതിന് അനുമതി കൊടുക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) രാത്രി മുഴുവൻ മൈക്ക് ഉപയോഗിക്കുവാൻ അനുമതി കൊടുക്കാനുള്ള അധികാരി ആരാണ് ;

(എഫ്) കണ്ണൂർ ജില്ലയിൽ മുഴുക്കുന്ന് അംശം പാല ദേശത്ത് ശ്രീ. മുത്തേടത്ത് തിരിതകിരാത ക്ഷേത്രത്തിലെ ശിവരാത്രി ഉത്സവത്തിന് രാത്രി മുഴുവൻ മൈക്കുപയോഗിക്കുന്നതിനുള്ള പെർമിഷനുവേണ്ടി ഇരുട്ടി ഡി. വൈ. എസ്. പി.ക്ക് 1-2-2005-ൽ കൊടുത്ത അപേക്ഷയിൻമേൽ എന്തു നടപടി എടുത്തു;

(ജി) പ്രസ്തുത ക്ഷേത്രത്തിൽ ശിവരാത്രി ദിവസം രാത്രി മുഴുവൻ മൈക്ക് ഉപയോഗിക്കുവാൻ അനുമതി നൽകുമോ ?

ഉത്തരം

(എ) നിലവിലുള്ള നിയമ വ്യവസ്ഥയ്ക്ക് വിധേയമായി സാധാരണയായി രാത്രി കാലങ്ങളിൽ 10 മണി വരെയാണ് മൈക്കുപയോഗിക്കുവാൻ അനുവദിച്ചിരുന്നത്. ആവശ്യമെന്ന് കണ്ടാൽ രാത്രി 12 മണിവരെ മൈക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ 7-1-2005-ലെ ഉത്തരവ് പ്രകാരം പോലീസ് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സബ്ഡിവിഷണൽ പോലീസ് ഓഫീസർമാർ, ജില്ലാ പോലീസ് സൂപ്രണ്ടൻമാർ, സിറ്റി പോലീസ് കമ്മീഷണർമാർ എന്നിവരാണ് മൈക്കനുവാദം കൊടുക്കുന്ന അധികാരികൾ.

(സി) ചില ക്ഷേത്രങ്ങളിൽ ഉത്സവത്തിനോടനുബന്ധിച്ച് നടത്തിവരുന്ന കലാപരിപാടികൾക്ക് രാത്രി മുഴുവൻ മൈക്ക് ഉപയോഗിക്കേണ്ടതായി വരാറുണ്ട്.

(ഡി) നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി കൊടുക്കാറുണ്ട്.

(ഇ) ഡിവിഷണൽ പോലീസ് ഓഫീസർമാർ, ജില്ലാ പോലീസ് സൂപ്രണ്ടൻമാർ, സിറ്റി പോലീസ് കമ്മീഷണർമാർ എന്നിവരാണ് അധികാരികൾ.

(എഫ്) ഇരുട്ടി ഡി. വൈ. എസ്. പി.ക്ക് 1-2-2005-ൽ ക്ഷേത്ര ആഘോഷ കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിന്മേൽ രാത്രി 10 മണിവരെ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളതും ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾക്ക് വേണ്ടി രാത്രി 12 മണിവരെ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളതുമാണ്.

(ജി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമ പ്രകാരം ഉച്ചഭാഷിണി ഉപയോഗിക്കുവാൻ അനുവദിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ മൈക്ക് നിരോധനം

32 [1547] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കും സന്നദ്ധ സംഘടനകൾക്കും ഉൾപ്പെടെ മൈക്ക് അനുവാദം നിഷേധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ മൈക്ക് അനുവാദം നിഷേധിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം പോലീസ് അധികൃതർക്ക് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ മൈക്ക് അനുവാദം നിഷേധിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ;

(ഇ) അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും മറ്റ് സന്നദ്ധ സംഘടനകളുടെയും പൊതുയോഗങ്ങൾക്ക് മൈക്ക് അനുവാദം നൽകാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) മൈക്ക് അനുവാദം നൽകുന്നത് സംബന്ധിച്ച് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നിലവിലുള്ള ചട്ടപ്രകാരം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും മറ്റ് സന്നദ്ധ സംഘടനകളുടേയും പൊതുയോഗങ്ങൾക്ക് മൈക്ക് അനുവാദം നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly